# 2016-ലെ കേരള മോട്ടോർ വാഹന നികുതി ചുമത്തൽ (സാധൂകരണം) ബിൽ

(നിയമസഭ പാസ്സാക്കിയ പ്രകാരമുള്ളത്)

2007 ഏപ്രിൽ 1-ാം തീയതിയും അന്നുമുതൽ 2014 ജൂലൈ 23-ാം തീയതി വരെയും മോട്ടോർ വാഹന നികുതി ചുമത്തലും പിരിച്ചെടുക്കലുമായി ബന്ധപ്പെട്ട് സർക്കാരോ സർക്കാരിന്റെ ഏതെങ്കിലും ഉദ്യോഗസ്ഥനോ സർക്കാരിന്റെ കീഴിലുള്ള ഏതെങ്കിലും അധികാരസ്ഥാനമോ ചെയ്തതോ എടുത്തതോ ആയ എല്ലാ പ്രവൃത്തികളും നടപടികളും അല്ലെങ്കിൽ കാര്യങ്ങളും സാധൂകരിക്കുന്നതിനുള്ള

ഒരു

ബിൽ

പീഠിക.—2007 ഏപ്രിൽ 1-ാം തീയതിയും അന്നുമുതൽ 2014 ജൂലൈ 23-ാം തീയതി വരെയും മോട്ടോർ വാഹന നികുതി ചുമത്തലും പിരിച്ചെടുക്കലുമായി ബന്ധപ്പെട്ട് സർക്കാരോ സർക്കാരിന്റെ ഏതെങ്കിലും ഉദ്യോഗസ്ഥനോ സർക്കാരിന്റെ കീഴിലുള്ള ഏതെങ്കിലും അധികാരസ്ഥാനമോ ചെയ്തതോ എടുത്തതോ ആയ എല്ലാ പ്രവൃത്തികളും നടപടികളും അല്ലെങ്കിൽ കാര്യങ്ങളും സാധൂകരിക്കേണ്ടത് ആവശ്യമായിരിക്കുകയാൽ;

ഭാരത റിപ്പബ്ലിക്കിന്റെ അറുപത്തിയെട്ടാം സംവൽസരത്തിൽ താഴെ പറയും പ്രകാരം നിയമമുണ്ടാക്കുന്നു:—

1. ചുരുക്കപ്പേരും പ്രാരംഭവും.—(1) ഈ ആക്റ്റിന് 2017-ലെ കേരള മോട്ടോർ വാഹന നികുതി ചുമത്തൽ (സാധൂകരണം) ആക്റ്റ് എന്ന് പേര് പറയാം.

(2) ഇത് ഉടൻ പ്രാബല്യത്തിൽ വരുന്നതാണ്.

KNPP.332/2017.

2. <u>മോട്ടോർ വാഹനങ്ങളിന്മേൽ നികുതി ചുമത്തിയത്, പിരിച്ചെടുത്തത് തുടങ്ങിയവയുടെ സാധൂകരണം.</u>—1976-ലെ കേരള മോട്ടോർ വാഹന നികുതി ചുമത്തൽ ആക്റ്റിലോ (1976-ലെ 19) തത്സമയം പ്രാബല്യത്തിലുള്ള മറ്റേതെങ്കിലും നിയമത്തിലോ ഏതെങ്കിലും കോടതിയുടെ ഏതെങ്കിലും വിധിന്യായത്തിലോ ഡിക്രിയിലോ ഉത്തരവിലോ എന്തുതന്നെ അടങ്ങിയിരുന്നാലും, 2007 ഏപ്രിൽ 1-ാം തീയതിയും അന്നുമുതൽ 2014 ജൂലൈ 23-ാം തീയതി വരെയും ഉള്ള കാലയളവിൽ പ്രസ്തുത ആക്റ്റിലെ 2-ാം വകുപ്പ് (ഇ) ഖണ്ഡപ്രകാരം മോട്ടോർ വാഹനങ്ങളിൻമേൽ നിർണ്ണയിച്ചതോ ചുമത്തിയതോ പിരിച്ചെടുത്തതോ പ്രസ്തുത ഖണ്ഡപ്രകാരമാണെന്ന് കരുതിക്കൊണ്ട് നിർണ്ണയിച്ചതോ ചുമത്തിയതോ പിരിച്ചെടുത്തതോ ആയ എല്ലാ നികുതികളും എല്ലാ ആവശ്യങ്ങൾക്കും എല്ലായ്പ്പോഴും സാധുതയോടെ നിർണ്ണയിച്ചിട്ടുള്ളതോ ചുമത്തിയിട്ടുള്ളതോ പിരിച്ചെടുത്തിട്ടുള്ളതോ ആയി കരുതപ്പെടേണ്ടതും, അതനുസരിച്ച്,—

(എ) സർക്കാരോ സർക്കാരിന്റെ ഏതെങ്കിലും ഉദ്യോഗസ്ഥനോ സർക്കാരിന്റെ കീഴിലുള്ള ഏതെങ്കിലും അധികാരസ്ഥാനമോ അങ്ങനെയുള്ള നികുതി നിർണ്ണയിച്ചതും ചുമത്തിയതും പിരിച്ചെടുത്തതും ആയി ബന്ധപ്പെട്ട് ചെയ്തതോ എടുത്തതോ ആയ എല്ലാ പ്രവൃത്തികളും നടപടികളും കാര്യങ്ങളും അങ്ങനെയുള്ള നികുതി നിർണ്ണയിക്കുകയും ചുമത്തുകയും പിരിച്ചെടുക്കുകയും ചെയ്തിട്ടുള്ളത് 2014-ലെ കേരള ധനകാര്യ ആക്റ്റിന്റെ (2014-ലെ 29) 7-ാം വകുപ്പ് (1)-ാം ഉപവകുപ്പ് (ബി) ഖണ്ഡപ്രകാരം ഭേദഗതി ചെയ്യപ്പെട്ട പ്രസ്തുത ആക്റ്റ് പ്രകാരമാണെന്നപോലെ എല്ലാ ആവശ്യങ്ങൾക്കും എല്ലായ്പ്പോഴും നിയമാനുസൃതം ചെയ്തതായോ എടുത്തതായോ കരുതപ്പെടേണ്ടതും;

(ബി) അപ്രകാരം ഒടുക്കിയിട്ടുള്ള ഏതെങ്കിലും നികുതി തിരിച്ചു നൽകുന്നതിനായി സർക്കാരിനോ ഏതെങ്കിലും ആളിനോ അധികാരസ്ഥാനത്തിനോ, ഏതുതന്നെയായാലും, എതിരെ ഏതെങ്കിലും കോടതിയിൽ യാതൊരു വ്യവഹാരമോ മറ്റു നടപടിയോ ആരംഭിക്കുകയോ നിലനിർത്തുകയോ തുടരുകയോ ചെയ്യുവാൻ പാടില്ലാത്തതും;

(സി) അപ്രകാരം ഒടുക്കിയിട്ടുള്ള ഏതെങ്കിലും നികുതി തിരിച്ചുനൽകണമെന്ന് നിർദ്ദേശിച്ചുകൊണ്ടുള്ള ഏതെങ്കിലും ഡിക്രിയോ ഉത്തരവോ യാതൊരു കോടതിയും നടപ്പിലാക്കുവാൻ പാടില്ലാത്തതും ;

ആകുന്നു.